പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3274** **29. 01. 2014-** ലെ മറുപടി

<u>വിദേശത്ത് ജോലി നഷ്ടപ്പെട്ട് തിരികെ എത്തിയവർ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിദേശത്ത് ജോലി നഷ്ടപ്പെട്ട് കേരളത്തിലേക്ക് തിരിച്ചുവരുന്ന തൊഴിലാളികൾക്ക് വിമാന ടിക്കറ്റ് നൽകാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ;<br><br>(ബി) ഇത് പ്രകാരം എത്ര പേർക്ക് വിമാന ടിക്കറ്റ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എയും ബിയും) സൗദിയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് സൗദി സർക്കാർ നൽകിയ ഇളവ് കാലയളവ് അവസാനിച്ച നവംബർ മൂന്നിന് ശേഷം ജോലി നഷ്ടപ്പെട്ട് രാജ്യം വിടാൻ സാധിക്കാത്ത മലയാളികൾക്ക് നാട്ടിലെത്തുന്നതിന് നിബന്ധനകൾക്ക് വിധേയമായി സൗജന്യ വിമാന ടിക്കറ്റ് നൽകാൻ തീരുമാനിച്ചിരുന്നു. ഇത് പ്രകാരം 266 പേർക്ക് ടിക്കറ്റ് നൽകിയിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിദേശത്ത് ജോലി നഷ്ടപ്പെട്ട് എത്ര പേർ സംസ്ഥാനത്ത് തിരിച്ചെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (സി) വിദേശത്തു നിന്ന് ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ കണക്ക് നോർക്ക വകുപ്പ് ശേഖരിച്ചിട്ടില്ല. എന്നാൽ സൗദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് 01/04/2013 മുതൽ 31/12/2013 വരെ കേരളത്തിലെ വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ഹെൽപ് ഡെസ്കുകളിലും നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിൽ ഓൺലൈനായും ആകെ 20,835 പേർ സൗദി അറേബ്യയിൽ നിന്ന് മടങ്ങിയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

V. Beena

സെക്ഷൻ ഓഫീസർ